ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ സമർപ്പിച്ചിട്ടുണ്ടെങ്കിൽതന്നെയും ആ ഇനത്തിൽ ഫ 0 ലക്ഷം രൂപായിൽ കൂടുതൽ ഗവണ്മെണ്ടിനു കിട്ടാനിടയുണ്ടെങ്കിൽ അതെന്തിനു് വേണ്ടെന്നു വയ്ക്കണം?

ശ്രീ. എം. ഐ. പോൾ: ഇതുവരെയായി ആ ഇനത്തിൽ ഫ 0 ലക്ഷം രൂപയിൽ കൂടുതൽ ഗവണ്മെണ്ടിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതിനകം കിട്ടിയിട്ടുണ്ടോ എന്നു നിശ്ചയമില്ല. കണക്കുകൾ എന്റെ കൈവശം ഇല്ല.

ശ്രീ. എം. ഐ. പോൾ: ഫ 0 ലക്ഷം രൂപയിൽ കൂടുതൽ കിട്ടുമെന്നു് ഗവണ്മെണ്ടു പ്രതീക്ഷിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

സിവിൽ സപ്ലൈസ് കമ്മീഷണർ

*ൻ ൭൫. (ഫ 0) ശ്രീ. വി. കെ. വറുഗീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) സിവിൽ സപ്ലൈസ് കമ്മീഷണറാപ്പീസ് മാനേജർ ഇപ്പോൾ ആരാണു്;

(ബി) അദ്ദേഹത്തിന്റെ മൻജോലി എന്തായിരുന്നു?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ), (ബി) സിവിൽ സപ്ലൈസ് കമ്മീഷണരുടെ ആഫീസിൽ മാനേജർ എന്ന ഒരു തസ്തിക ഇല്ല.

പ്രവേശന പരീക്ഷ

*ൻ ൭ൻ. (ഫ ഫ) ശ്രീ. വി. കെ. വറുഗീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊച്ചി ഡിവിഷനിൽ ക്ലാസിൽ ചേർന്നു പഠിച്ചിട്ടില്ലാത്തവരെ ഉദ്ദേശിച്ചു് അങ്ങനെയുള്ളവരെ എസ്. എസ്. എൽ. സി. പരീക്ഷയ്ക്കു ചേർക്കുന്നതിനു് ഒരു പ്രവേശനപരീക്ഷ നടപ്പിലുണ്ടോ;

(ബി) ഫൻ ൪ 0-ൽ അങ്ങനെയൊരു പരീക്ഷ നടത്തീട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) കൊച്ചി ഡിവിഷനിൽ ക്ലാസിൽ ചേർന്നു പഠിച്ചിട്ടില്ലാത്തവരെ ഉദ്ദേശിച്ചു് എസ്. എസ്. എൽ. സി. പരീക്ഷ നടത്തുന്ന പതിവുണ്ടു്.

(ബി) ഫൻ൪ 0-ൽ ഈ പരീക്ഷ പതിവുപോലെ നവംബർമാസത്തിൽ നടത്തുന്നുണ്ടു്.

ശ്രീ. വി. കെ. വറുഗീസ്: തിരുവിതാംകൂർ വിഭാഗത്തിൽ അങ്ങിനെ ഒരു പതിവുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. വി. കെ. വറുഗീസ്: തിരുവിതാംകൂറിലുംകൂടി ആ ഏർപ്പാടു നടപ്പിൽ വരുത്തുന്നതിനെ സംബന്ധിച്ചു് ആലോചിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഹൈസ്കൂൾ ക്ലാസുകളിലെ പാഠ പദ്ധതി ഇപ്പോൾ അനുക്രമമായി ഏകീകരിച്ചുകൊണ്ടുവരികയാണു്. നാലാം ഫാറത്തിലെ പാഠപദ്ധതി ഇക്കൊല്ലം ഏകീകരിച്ചു കഴിഞ്ഞിട്ടുണ്ടു്. ആറാം ഫാറത്തിലെ പാഠപദ്ധതി ഏകീകരിക്കുന്നതോടുകൂടി ഈ വിഷയത്തിൽ കൊച്ചിയിലും തിരുവിതാംകൂറിലും ഒരേനിയമം നടപ്പാക്കുന്നതാണു്.

Sri. P. Balakrishnan Tampi: For the purpose of this examination, may I ask the Hon'ble Minister if Travancoreans also would not be declared ex officio Cochinites for joining the examination?

Sri. Panampilli Govinda Menon: Even without such a declaration, any one from Travancore can sit for the Examination.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ഈ സമ്പ്രദായം ക്ലാസിൽ ചേർന്നു പഠിക്കുന്നതിനേക്കാൾ കൂടുതൽ പ്രയോജനകരമാണെന്നു തോന്നുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെയാണെന്നു തോന്നുന്നില്ല. എന്നുതന്നെയല്ല ക്ലാസിൽ ചേരാതെ പരീക്ഷയ്ക്കു ചേർന്നു പാസ്സാകുന്നവർക്കു് സർവ്വകലാശാലയിൽ പ്രവേശനം ലഭിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടു് അതു വളരെ പാപ്പരായിട്ടുള്ള ഒരു ഏർപ്പാടല്ല.

അദ്ധ്യാപകന്മാരുടെ മെമ്മോറാണ്ടം

*൯൪൦. (ഫ്രൊ) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവും സിവിൽസപ്ലൈസും വകുപ്പു് മന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊച്ചി ഡിസ്ട്രിക്ടിൽ ഹാജി ഇസ്സാ മെമ്മോറിയൽ സ്കൂളിലെ വൃ അദ്ധ്യാപകന്മാർ ചേർന്നു് ഫ്രഞ്ചുൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിക്കു് ഒരു മെമ്മോറാണ്ടം സമർപ്പിക്കയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു് എന്തു നടപടി എടുത്തു എന്നും ഇപ്പോൾ ആ കാര്യം എങ്ങിനെയിരിക്കുന്നുവെന്നും ദയവായി പറയാമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു് മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) കൊച്ചി ഡിസ്ട്രിക്ടിലെ ഹാജി ഇസ്സാ മെമ്മോറിയൽ സ്കൂളിലെ വൃ അദ്ധ്യാപകന്മാർ ചേർന്നു് ഫ്രഞ്ചുൽ വിദ്യാഭ്യാസമന്ത്രിക്കു് ഒരു മെമ്മോറാണ്ടം സമർപ്പിക്കയുണ്ടായിട്ടുണ്ടു്.

(ബി) ടി ഹർജ്ജിയെ സംബന്ധിച്ചു് സംസ്ഥാനത്തിൽ മുഴുവൻ ഒരു പൊതുനയം സ്വീകരിക്കേണ്ടതു് ആവശ്യമാകയാൽ സംയോജനം പൂർത്തിയായ ശേഷം പയ്യാലോചനയ്ക്കു മാറിവച്ചു. പക്ഷെ ഇപ്പോഴത്തെ പുതിയ സെക്കണ്ടറി വിദ്യാഭ്യാസപദ്ധതിയനുസരിച്ചു് ആ അദ്ധ്യാപകന്മാരുടെ അവശതകളും താനെ പരിഹരിക്കപ്പെട്ടിട്ടുണ്ടു്.

സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: ആ മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തെല്ലാമാണെന്നു് പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൊച്ചിയിലെ എഡ്യുക്കേഷൻ കോഡനുസരിച്ചു് എയിഡഡ് അല്ലാത്ത സ്കൂളുകളെ എയിഡഡ് ലിസ്റ്റിലേക്കു് എടുക്കുമ്പോൾ അദ്ധ്യാപകന്മാർക്കു് നേരത്തെ ഉണ്ടായിരുന്നതിൽനിന്നും ഒന്നോ രണ്ടോ ഗ്രേഡ് താഴ്ത്തി ഗ്രേഡ് കൊടുക്കുന്ന ഒരു പതിവുണ്ടു്. അതനുസരിച്ചു് പ്രസ്തുത സ്കൂളുകളും എയിഡഡ് ലിസ്റ്റിൽ ഉൾപ്പെടുത്തിയപ്പോൾ അദ്ധ്യാപകന്മാരുടെ ശമ്പളിത്തിൽ എതാനും ഉറപ്പിക കുറഞ്ഞുപോയിട്ടുണ്ടു്. ആ പരിഹാ

LIBRARY ARCHIVES Kerala Legislative Assembly